# എൽ.ഡി.ക്ലർക്ക് - 2005
## (വയനാട് -സോൾവ്ഡ് പേപ്പർ)

1. 14, 5, 12, 6, 10, 7, .......
   (a) 9 (b) 6 (c) 8 (d) 10
2. 2.31, 2.43, 2.55, ..........
   (a) 2.76 (b) 2.77 (c) 2.66 (d) 2.67
3. കോഡുപയോഗിച്ച് FRANCE നെ DPYLAC എന്നെഴുതിയാൽ BRAZIL നെ എങ്ങനെ എഴുതാം ?
   (a) ZPYGXJ (b) ZPYXGJ (c) ZYPXGJ (d) ZPYXJG
4. HIGH = 8978 എങ്കിൽ DEAF- നെ എങ്ങനെ സൂചിപ്പിക്കാം?
   (a) 5416 (b) 4561 (c) 4156 (d) 4516
5. ഒരു സംഖ്യയുടെ ഏഴിരട്ടി 50 നേക്കാൾ 1 കുറവാണ്. സംഖ്യ എത്ര ?
   (a) 7 (b) 8 (c) 6 (d) 10
6. $\frac{60-\sqrt{144}}{400-\sqrt{256}} = .......$
   (a) 46/384 (b) 16/43 (c) 1/8 (d) 31/321
7. നാലുപേരുടെ ശരാശരി വയസ് 25. അഞ്ചാമതൊരാൾ ചേർന്നാൽ ശരാശരി വയസ് 26. അഞ്ചാമന്റെ വയസ് എത്ര ?
   (a) 29 (b) 30 (c) 31 (d) 28
8. മനു ഒരു ക്യൂവിൽ മുന്നിൽനിന്ന് 13-ാമതും പിന്നിൽനിന്ന് 9-ാമതും ആണ്. ക്യൂവിൽ ആകെ എത്ര പേർ ഉണ്ട് ?
   (a) 20 (b) 19 (c) 22 (d) 21
9. ഒരു ടി.വി. 15% ഡിസ്കൗണ്ടിൽ 11,050 രൂപയ്ക്കു വാങ്ങിയാൽ ടി.വി. യഥാർഥ വില എന്ത് ?
   (a) 14,000 രൂപ (b) 13,000 രൂപ (c) 13,500 രൂപ (d) 14,500 രൂപ
10. $2\frac{1}{2}+1\frac{1}{3}+1\frac{1}{4} = .....$
   (a) $5\frac{1}{12}$ (b) $4\frac{1}{12}$ (c) $4\frac{1}{6}$ (d) $5\frac{1}{6}$

**ഒറ്റയാനെ തിരഞ്ഞെടുക്കുക.**

11. (a) ഭോപ്പാൽ (b) ജമ്മു (c) കൊഹിമ (d) ജയ്പ്പൂർ
12. (a) ഹോക്കി (b) ഫുട്ബോൾ (c) പോൾവാൾട്ട് (d) വോളിബാൾ
13. (a) 21 (b) 17 (c) 11 (d) 23
14. (a) KML (b) QSR (c) MON (d) ORP

**ബന്ധപ്പെടുത്തുക.**

15. അർജ്ജുന : സ്പോർട്സ് : ബുക്കർ : .......
   (a) സാഹിത്യം (b) രാഷ്ട്രീയം (c) ശാസ്ത്രം (d) സിനിമ
16. മല : തുരങ്കം : : നദി :........
   (a) വെള്ളം (b) തോണി (c) പാലം (d) കര
17. കാർഡിയോളജി : ഹൃദയം :: ഹീമറ്റോളജി :.........
   (a) വൃക്ക (b) ഞരമ്പ് (c) രക്തം (d) തലച്ചോർ
18. റോവിംഗ് : ജലം :: സ്കേറ്റിംഗ് :..........
   (a) വായു (b) ഐസ് (c) പർവതം (d) മണൽ

**പൂരിപ്പിക്കുക.**

19. 4, 6, 9, 13, ........
   (a) 17 (b) 16 (c) 19 (d) 18
20. 3, 4, 7, 11, 18, ......
   (a) 29 (b) 27 (c) 28 (d) 30
21. 'ഡൈനാമോ' കണ്ടുപിടിച്ച വ്യക്തി :
   (a) മൈക്കൽ ഫാരഡെ (b) ആൽഫ്രഡ് നോബെൽ
   (c) അലക്സാണ്ടർ ഫ്ളമിങ് (d) അലക്സാൻട്രോ വോൾട്ട
22. ഹോമിയോപ്പതിയുടെ പിതാവ് :

(a) സാമുവൽ ജോൺസൺ (b) ജഗദീശ് ചന്ദ്രബോസ്
(c) വില്യം സ്റ്റർജിയൻ (d) സാമുവൽ ഹാനിമാൻ

23. സർ എഡ്വിൻ ലുട്യൻസ് ഇന്ത്യയുടെ ഏത് മഹാനഗരത്തിന്റെ പ്രധാന വാസ്തുശില്പിയും യോജനാ രചയിതാവുമായിരുന്നു ?
(a) ചെന്നൈ (b) മുംബൈ (c) ന്യൂഡെൽഹി (d) കൊൽക്കത്ത

24. ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതി :
(a) ഡോ.സക്കീർ ഹുസൈൻ (b) ഡോ. രാജേന്ദ്ര പ്രസാദ്
(c) ഡോ. എസ്. രാധാകൃഷ്ണൻ (d) സർദാർ വല്ലഭായി പട്ടേൽ

25. വിജയനഗര സാമ്രാജ്യത്തിലെ രാജാക്കന്മാർ ഏത് ഭാഷയെ പ്രോത്സാഹിപ്പിച്ചിരുന്നു?
(a) കന്നഡ (b) തമിഴ് (c) തെലുങ്ക് (d) സംസ്കൃതം

26. മണ്ണെണ്ണയിലെ ഘടകങ്ങൾ :
(a) കാർബൺ, ഹൈഡ്രജൻ (b) കാർബൺ, ഓക്സിജൻ
(c) കാർബൺ, നൈട്രജൻ (d) നൈട്രജൻ, ഹൈഡ്രജൻ

27. തരുൺ തേജ്പാൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?
(a) ബോഫോർസ് കേസ് (b) തെഹൽക്ക കേസ്
(c) താജ് കോറിഡോർ കേസ് (d) സ്റ്റാമ്പ് പേപ്പർ കേസ്

28. ഗുണനിലവാരമുള്ള കാർഷിക ഉല്പന്നങ്ങൾക്ക് നൽകിവരുന്ന മുദ്ര :
(a) എക്കോ മാർക്ക് (b) അഗ്മാർക്ക്
(c) ഐ.എസ്.ഐ.മാർക്ക് (d) റഗ്മാർക്ക്

29. ഒരു ടോർച്ച് ബാറ്ററിയുടെ വോൾട്ട്:
(a) 2V (b) 1V (c) 2.5 V (d) 1.5 V

30. മലബാറിലെ ഏക ജലവൈദ്യുത പദ്ധതി.
(a) ചെങ്കുളം ജലവൈദ്യുത പദ്ധതി
(b) കുറ്റ്യാടി ജലവൈദ്യുത പദ്ധതി
(c) പെരിങ്ങൽക്കുത്ത് ഇടതുകര ജലവൈദ്യുത പദ്ധതി
(d) പന്നിയാർ ജലവൈദ്യുത പദ്ധതി

31. ഡോ. അംബേദ്കർ 1956–ൽ സ്വീകരിച്ച മതം.
(a) ബുദ്ധമതം (b) ക്രിസ്തുമതം (c) ജൈനമതം (d) ഇസ്ലാം മതം

32. ഇന്ത്യയിൽ 'സതി' സമ്പ്രദായം നിർത്തലാക്കിയ വ്യക്തി :
(a) റിപ്പൺ പ്രഭു (b) വില്യം ബെന്റിക് പ്രഭു
(c) വെല്ലിങ്ടൺ പ്രഭു (d) എല്ലൻബറോ പ്രഭു

33. മഹാത്മാഗാന്ധി വധിക്കപ്പെട്ട ദിവസം:
(a) ജനുവരി 20, 1948 (b) ജനുവരി 1, 1948
(c) ജനുവരി 10, 1948 (d) ജനുവരി 30, 1948

34. പുകയിലയിൽ അടങ്ങിയിരിക്കുന്ന വിഷാംശം.
(a) നിക്കോട്ടിൻ (b) പെക്ടിൻ (c) കരോട്ടിൻ (d) നിയോസിൻ

35. കേരളത്തിലെ മൊത്തം കോർപ്പറേഷനുകളുടെ എണ്ണം :
(a) മൂന്ന് (b) നാല് (c) അഞ്ച് (d) ആറ്

36. രങ്കസ്വാമി കപ്പ് ഏതു കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു ?
(a) ക്രിക്കറ്റ് (b) ഫുട്ബാൾ (c) പോളോ (d) ഹോക്കി

37. കുങ്കുമപ്പൂവിന്റെ നാട് എന്നറിപ്പെടുന്ന സ്ഥലം :
(a) ബാംഗ്ലൂർ (b) കാശ്മീർ (c) സിംല (d) ചണ്ഡിഗഢ്

38. ഇന്ത്യൻ പ്രസിഡന്റാവാൻ വേണ്ട കുറഞ്ഞ പ്രായപരിധി :
(a) 35 വയസ്സ് (b) 65 വയസ്സ് (c) 45 വയസ്സ് (d) 55 വയസ്സ്

39. കേരള ചരിത്രത്തിലെ പ്രസിദ്ധമായ പുന്നപ്ര-വയലാർ സമരം നടന്ന വർഷം :
(a) 1947 (b) 1946 (c) 1945 (d) 1940

40. ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഏതു പ്രമുഖ വ്യക്തിയാണ് ബാർദോലി സത്യാഗ്രഹവുമായി ബന്ധപ്പെട്ടിരിക്കുന്നത് ?
(a) സി. രാജഗോപാലാചാരി (b) സുഭാഷ് ചന്ദ്ര ബോസ്
(c) സർദാർ വല്ലഭായി പട്ടേൽ (d) ജവഹർലാൽ നെഹ്റു

41. കേന്ദ്ര കിഴങ്ങ് വർഗ വിള ഗവേഷണ കേന്ദ്രം കേരളത്തിൽ എവിടെ സ്ഥിതി ചെയ്യുന്നു ?

(a) തൃശ്ശൂർ (b) തിരുവനന്തപുരം (c) കോട്ടയം (d) കാസർഗോഡ്

42. നെല്ലിക്കയിൽ ധാരാളം അടങ്ങിയിരിക്കുന്ന ജീവകം ?

(a) ജീവകം K (b) ജീവകം A (c) ജീവകം B (d) ജീവകം C

43. ഇന്ത്യാ ചരിത്രത്തിൽ 1930 വർഷത്തിന്റെ പ്രാധാന്യം ?

(a) നിസ്സഹകരണ പ്രസ്ഥാനം (b) ദണ്ഡി ഉപ്പുസത്യാഗ്രഹം

(c) രണ്ടാം വട്ടമേശ സമ്മേളനം (d) ഗാന്ധി-ഇർവിൻ ഉടമ്പടി ഒപ്പുവെച്ചു

44. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ എബ്രഹാം ലിങ്കണിന്റെ പ്രസ്താവന ഏതാണ് ?

(a) സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്. അത് ഞാൻ നേടും.

(b) വെടിയുണ്ടയേക്കാൾ ശക്തമാണ് ബാലറ്റ്.

(c) തെറ്റ് മാനുഷികമാണ്, ക്ഷമ ദൈവികവും.

(d) മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു. പക്ഷേ, അവൻ എപ്പോഴും ചങ്ങലയിലാണ്.

45. 'മുത്തശ്ശി' ആരുടെ കൃതിയാണ് ?

(a) ലളിതാംബികാ അന്തർജനം (b) സുഗതകുമാരി

(c) ബാലാമണിയമ്മ (d) മാധവിക്കുട്ടി

46. അലക്സാണ്ടർ ചക്രവർത്തിയുടെ ഇന്ത്യനാക്രമണം നടന്ന വർഷം ?

(a) 236 ബി.സി. (b) 356 ബി.സി. (c) 326 ബി.സി. (d) 256 ബി.സി.

47. പ്രശസ്തമായ സൂര്യക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം :

(a) കൊണാർക്ക് - ഒറീസ്സ (b) അജന്ത - മഹാരാഷ്ട്ര

(c) അമൃത്സർ-പഞ്ചാബ് (d) കാശി-ഉത്തർ പ്രദേശ്

48. ഗംഗാ-യമുനാ നദികളുടെ സംഗമസ്ഥലം.

(a) ഹരിദ്വാർ (b) അലഹാബാദ്

(c) ബദരീനാഥ് (d) വാരണാസി

49. കേരളത്തിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷിചെയ്യപ്പെടുന്ന കാർഷികവിള :

(a) തെങ്ങ് (b) നെല്ല് (c) റബ്ബർ (d) കശുമാവ്

50. ജവഹർലാൽ നെഹ്റുവിന്റെ ഗ്രന്ഥം.

(a) മൈ എക്സ്പെരിമെന്റ് സ് വിത്ത് ട്രൂത്ത്

(b) എ പാസേജ് ടു ഇന്ത്യ (c) ഡിസ്ക്കവറി ഓഫ് ഇന്ത്യ

(d) ഇന്ത്യ ഡിവൈഡഡ്

51. ലോകത്തിലെ ഏറ്റവും വലിയ നദി :

(a) നൈൽ (b) ഹ്വയാങ്ഹോ

(c) മിസ്സോറി - മിസ്സിസ്സിപ്പി (d) ആമസോൺ

52. ശ്രീബുദ്ധൻ ഇഹലോകവാസം വെടിഞ്ഞ സ്ഥലം :

(a) ലുംബിനി (b) പാട്നാ (c) കുശിനഗർ (d) ബോധ്ഗയാ

53. ദക്ഷിണേന്ത്യയിലെ ചോളസാമ്രാജ്യത്തിന്റെ തലസ്ഥാനം :

(a) മധുര (b) തഞ്ചാവൂർ (c) വിജയനഗരം (d) മഗധ

54. "യുദ്ധം മനുഷ്യന്റെ മനസ്സിൽ നിന്നും തുടങ്ങുന്നു" - പ്രശസ്തമായ ഈ ചൊല്ല് ഏത് വേദത്തിൽ അടങ്ങിയിരിക്കുന്നു ?

(a) ഋഗ്വേദം (b) യജുർവേദം (c) അഥർവ്വവേദം (d) സാമവേദം

55. 1825-ൽ ആരാണ് വേദാന്ത കോളേജ് സ്ഥാപിച്ചത് ?

(a) രാജാറാം മോഹൻ റോയ് (b) സ്വാമിദയാനന്ദ സരസ്വതി

(c) നരേന്ദ്രനാഥ് ദത്ത (d) ഈശ്വർചന്ദ്ര വിദ്യാസാഗർ

56. ഇന്ത്യയിൽ പോർച്ചുഗീസ് ഭരണത്തിന്റെ യഥാർഥ സ്ഥാപകൻ :

(a) ഡി അൽമെഡ (b) സർ തോമസ് റോ

(c) വാസ്കോഡ ഗാമ (d) അൽബുകർക്ക്

57. ജോർജ് അഞ്ചാമൻ രാജാവും മേരിരാജ്ഞിയും 1911 ൽ നടത്തിയ ഇന്ത്യാ സന്ദർശനത്തിന്റെ ഓർമ്മയ്ക്കായി സ്ഥാപിക്കപ്പെട്ട സ്മാരകം.

(a) വിക്ടോറിയ മെമ്മോറിയൽ (b) ഗേറ്റ് വേ ഓഫ് ഇന്ത്യാ

(c) ബുലന്ദ് ദർവാസ (d) ഇന്ത്യാഗേറ്റ്

58. കോളിഫ്ളവറിന്റെ ഏത് ഭാഗമാണ് ഭക്ഷണത്തിനായി ഉപയോഗിക്കുന്നത് ?

(a) ഇല (b) തണ്ട് ഭാഗം (c) പുഷ്പം (d) ഫലം

59. ആയിരം തടാകങ്ങളുടെ രാജ്യം.

(a) അയർലാൻഡ് (b) സ്കോട്ട്ലാൻഡ് (c) തായ്‌ലാൻഡ് (d) ഫിൻലാൻഡ്

60. കോപ്പ അമേരിക്ക - 2004 ഫുട്ബോൾ കിരീടം നേടിയ രാജ്യം.

(a) അർജന്റീന (b) ബ്രസീൽ (c) പരാഗ്വായ് (d) ചിലി

61. ലാൽ ബഹദൂർ ശാസ്ത്രിയുടെ സമാധി സ്ഥലം :

(a) കിസാൻ ഘട്ട് (b) ശാന്തി ഘട്ട് (c) അഭയ് ഘട്ട് (d) വിജയ് ഘട്ട്

62. 'എക്സിമ' എന്ന രോഗം മനുഷ്യന്റെ ഏത് ശരീരഭാഗത്തെ ബാധിക്കുന്നു ?

(a) ത്വക്ക് (b) കണ്ണ് (c) കരൾ (d) തലച്ചോറ്

63. 'ജനശതാബ്ദി എക്സ്പ്രസ്സ്' എവിടെ മുതൽ എവിടെ വരെ ഓടുന്ന തീവണ്ടിയാണ് ?

(a) തിരുവനന്തപുരം - ഷൊർണൂർ (b) തിരുവനന്തപുരം - പാലക്കാട്

(c) തിരുവനന്തപുരം - എറണാകുളം (d) തിരുവനന്തപുരം - മംഗലാപുരം

64. അക്ബർ ചക്രവർത്തിയുടെ ധനകാര്യ ഉപദേഷ്ടാവ്.

(a) രാജാ തോടർമാൾ (b) ബീർബൽ

(c) ടാൻസെൻ (d) അമീർ ഖുസ്റോ

65. അജന്താ ചിത്രകലകളിലെ വർണങ്ങൾ എന്തുകൊണ്ടുണ്ടാക്കിയവയായിരുന്നു ?

(a) ഇരുമ്പും പഴങ്ങളും (b) ധാതുക്കളും ചെടികളും

(c) കളിമണ്ണും എല്ലുപൊടിയും (d) അരിപ്പൊടിയും തവിടും

66. ഭൂമികുലുക്കവും അനുബന്ധപ്രവർത്തനത്തെയും പറ്റിയുള്ള പഠനത്തിന്റെ ശാസ്ത്രനാമം.

(a) മൈക്കോളജി (b) സീസ്മോളജി (c) ആർക്കിയോളജി (d) കോസ്മോളജി

67. ലോക പരിസ്ഥിതി ദിനം

(a) ഏപ്രിൽ 7 (b) സെപ്തംബർ 5 (c) ഏപ്രിൽ 5 (d) ജൂൺ 5

68. ആര്യഭട്ടൻ, ഭാസ്കരൻ, വരാഹമിഹിരൻ, അമരസിംഹൻ, ധന്വന്തരി - ഈ പ്രമുഖ വ്യക്തികൾ ജീവിച്ചിരുന്ന കാലം.

(a) ഗുപ്ത സാമ്രാജ്യകാലം (b) കുശാൻ സാമ്രാജ്യകാലം

(c) മൗര്യ സാമ്രാജ്യകാലം (d) മുഗൾ സാമ്രാജ്യകാലം

69. ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി:

(a) മാർഗരറ്റ് താച്ചർ (b) വിൻസ്റ്റൺ ചർച്ചിൽ

(c) ഹാരോൾഡ് മാക്മില്ലൻ (d) ടോണി ബ്ലെയർ

70. ഖാലിസ്ഥാൻ തീവ്രവാദികളെ സുവർണക്ഷേത്രത്തിൽ നിന്നും പുറത്താക്കുവാൻ 1984-ൽ ഇന്ത്യൻ പട്ടാളം നടത്തിയ നീക്കം.

(a) ഓപ്പറേഷൻ മാന്ത് (b) ഓപ്പറേഷൻ മിഡ്നൈറ്റ്

(c) ഓപ്പറേഷൻ ബ്ലാക്ക് തണ്ടർ (d) ഓപ്പറേഷൻ ബ്ലൂ സ്റ്റാർ

In which part of the sentence is the mistake ?

71. a b c

My friends have | decide to | congratulate me |

d

for my success.

72. a b c d

Each one | of these | men are | reliable.

73. a b c d

The teacher | told us that | we are | dull and lazy

74. She is very beautiful, ...............

(a) Isn't it ? (b) Isn't she ?

(c) Is she ? (d) Is it ?

75. I have been living here ......1990.

(a) since (b) for (c) in (d) around

76. The conductor as well as the passenger ....... to blame for the trouble.

(a) are (b) is (c) have (d) has

77. The synonym of "read" is ........

(a) perceive (b) pertain (c) persuade (d) peruse

78. The synonym of "deny" is .......

(a) defy (b) refuse (c) profuse (d) obtuse

79. The antonym of "waxing" is

(a) unwaxing (b) fading (c) waning (d) diswaxing

80. The antonym of "include" is :

(a) conclude (b) protrude (c) exclude (d) collude

81. One of my relatives ....... in London.

(a) are (b) were (c) is (d) has

82. My uncle .......to Dubai ten years ago.

(a) went (b) has gone (c) had gone (d) was gone

83. A group of men .....standing near the shop.

(a) are (b) were (c) have been (d) is

84. They .......each other since 2002.

(a) have known (b) are known (c) had known (d) were known

85. This is the place ....... I was born.

(a) where (b) which (c) who (d) whom

86. Inspite of repeated failure he did not give ...... his attempt.

(a) about (b) on (c) down (d) up

87. The correctly spelt word is:

(a) ocurrence (b) occurrence (c) occurence (d) occurrense

88. If she agrees I ...... inform you.

(a) will (b) would (c) would have to (d) should

89. By the time I reached the railway station the train..........

(a) left (b) had left (c) had been left (d) has left

90. "I ate a banana" is the active form of .............

(a) A banana has eaten by me. (b) I was eaten by a banana.

(c) I had been eaten a banana. (d) A banana was eaten by me.

91. ഉപമാലങ്കാരത്തിന്റെ ലക്ഷണം.

(a) ഒന്നിനൊന്നോടു സാദൃശ്യം (b) ഒന്നിന് പലതിനോട് സാദൃശ്യം

(c) ഒന്നിനോടൊന്നു സാദൃശ്യം (d) ഒന്നിനൊന്നോടഭേദം

92. ശരിയായ തർജ്ജമ ഏത് ? - Onam is the symbol of the hopes and aspirations of the people of Kerala.

(a) ഓണം കേരളീയ ജനതയുടെ ആഗ്രഹാഭിലാഷങ്ങളുടെ പ്രതീകമാണ്.

(b) ഓണം കേരളീയരുടെ സുഖദുഃഖങ്ങളുടെ പ്രതീകമാണ്.

(c) ഓണം കേരളീയ ജനതയിൽ പ്രതീക്ഷയും സ്വപ്നവും ഉണർത്തുന്നു.

(d) ഓണം കേരളീയരുടെ മോഹങ്ങളുടെയും മോഹഭംഗങ്ങളുടെയും പ്രതീകമാണ്.

93. ഭാഷാ വൃത്തം അല്ലാത്തതേത് ?

(a) കേക (b) തരംഗിണി (c) മന്ദാക്രാന്താ (d) പര്യസ്തകാഞ്ചി

94. ശുദ്ധമായ വാക്യം ഏത് ?

(a) ധീരനായ ആ സ്ത്രീയുടെ പുത്രനു വീരചക്രം ലഭിച്ചു.

(b) ധീരയായ ആ സ്ത്രീയുടെ പുത്രനു വീരചക്രം ലഭിച്ചു.

(c) ആ സ്ത്രീയുടെ പുത്രനു വീരചക്രം ലഭിച്ചു.

(d) ആ സ്ത്രീയുടെ ധീരനായ പുത്രനു വീരചക്രം ലഭിച്ചു.

95. Herculean Task -നു യോജിക്കുന്ന തർജ്ജമ ഏത് ?

(a) ഹെർക്കുലിയൻ പ്രയത്നം (b) ഹെർക്കുലിയൻ കടമ

(c) ഹെർക്കുലിയൻ നിയോഗം (d) ഭഗീരഥ പ്രയത്നം

96. ആദ്യത്തെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചതാർക്ക് ?

(a) ഇളംകുളം കുഞ്ഞൻപിള്ള (b) ശൂരനാട്ടു കുഞ്ഞൻപിള്ള

(c) എം.പി.അപ്പൻ (d) ബാലാമണിയമ്മ

97. തോന്നയ്ക്കൽ ആശാൻ സ്മാരക പ്രസിദ്ധീകരണം ഏത് ?

(a) മിതവാദി (b) ഭാഷാസാഹിതി (c) വിവേകോദയം (d) സാഹിത്യകേരളം

98. കോവിലൻ എന്ന നോവലിസ്റ്റിന്റെ യഥാർഥനാമം.

(a) പി.സി.ഗോപാലൻ (b) വി.വി.അയ്യപ്പൻ

(c) പി.സി.കുട്ടികൃഷ്ണൻ (d) എം.ഗോവിന്ദൻ

99. താഴെ പറയുന്നവയിൽ തത്ഭവ ശബ്ദം ഏത് ?

(a) ശ്രാദ്ധം (b) ഖണ്ഡം (c) ചേട്ടൻ (d) വക്കീൽ

100. സമാസം ഏതൊന്നു പറയുക - 'കൈകാലുകൾ' :

(a) തത്പുരുഷൻ (b) ബഹുവ്രീഹി (c) ദ്വിഗുസമാസം (d) ദ്വന്ദ്വൻ

## എൽ.ഡി.ക്ലർക്ക് വയനാട് - 2005
## വിശദഉത്തരങ്ങളും അനുബന്ധവസ്തുതകളും

1. c. **8**

ഒന്നിടവിട്ട സംഖ്യകളുടെ ശ്രേണി ; 14, 12, 10, 8 ; 5, 6, 7.

2. d. **2.67**

0.12 കൂട്ടുക. 2.55 + 0.12 = 2.67

3. b. **ZPYXGJ**

അക്ഷരമാലയിൽ ഇടത്തോട്ട് രണ്ടാമത്തെ അക്ഷരം ചേർക്കുക.

4. d. **4516**

അക്ഷരങ്ങളുടെ ക്രമസംഖ്യ

5. a. 7

$7\times7+1=50$

6. c. $\mathbf{\frac{1}{8}}$

$\frac{60-12}{400-16}=\frac{48}{384}=\frac{1}{8}$

7. b. **30**

$26\times5-25\times4=130-100=30$

8. d. **21**

$13+9-1=21$

9. b. **13000**

15% ഡിസ്കൗണ്ട് = 85% × വാങ്ങിയ വില = 11050

വാങ്ങിയ വില = $\frac{11050\times100}{85}=13000$

10. a. $\mathbf{5\frac{1}{12}}$

$4+\frac{1}{2}+\frac{1}{3}+\frac{1}{4}$

11. b. **ജമ്മു**

ജമ്മു ഒരു പ്രദേശമാണ്, മറ്റെല്ലാം നഗരങ്ങളാണ്.

12. c. **പോൾവാൾട്ട്**

പോൾവാൾട്ട് ഒരു ഗെയിംസ് ഇനമില്ല.

13. a. **21**

മറ്റെല്ലാം അഭാജ്യ (prime) സംഖ്യകളാണ്.

4. d **ORP**

തുടർച്ചയായ അക്ഷരങ്ങളെല്ല.

15. a. **സാഹിത്യം**

16. c. **പാലം**

17. c. **രക്തം**

18. b. **ഐസ്**

19. d **18**

+2, +3, +4, +5

20. a. **29**

$3+4=7, 4+7=11$

$7+11=18, 11+18=29.$

21. a. **മൈക്കൽ ഫാരഡെ**

- ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ (1791-1867)
- ഇലക്ട്രോ മാഗ്നറ്റിസം, ഇലക്ട്രോകെമിസ്ട്രി മേഖലകളിൽ ഗണ്യ സംഭാവനകൾ.

22. d **സാമുവൽ ഹാനിമാൻ**

- ക്രിസ്റ്റ്യൻ, ഫ്രെഡ്രിക് സാമുവൽ ഹനിമാൻ 1755 ൽ ജർമനിയിൽ ജനിച്ചു.
  Homos (same) + Pathos (Suffering) എന്നീ ഗ്രീക്ക് വാക്കുകളിൽ നിന്നാണ് ഹോമിയോപ്പതി ഉണ്ടായത്.
- The Organon of Medical Art എന്ന പുസ്തകം രചിച്ചു.

23. c. **ന്യൂഡൽഹി**

- എഡ്വിൻ ലാൻഡ്സീർ ല്യൂട്ടൻസ് (1869-1944) കൂട്ടാളിയായ ഹെർബെർട്ട് ബെക്കറോടൊപ്പം 1911 ലാണ് തലസ്ഥാന രൂപകല്പന തുടങ്ങിയത് (20 വർഷം കൊണ്ട് പൂർത്തിയായി).
- ലണ്ടനിൽ ജനിച്ചു. ഓക്സ്ഫഡ്, കേംബ്രിജ് സർവകലാശാലകൾക്കും രൂപകല്പന നടത്തി.

24. c. **ഡോ. രാധാകൃഷ്ണൻ**

- ആന്ധ്രയിലെ തിരുത്തണി ഗ്രാമത്തിൽ 1888 ൽ ജനിച്ചു.
- തത്വചിന്തകനായ പ്രസിഡന്റ് എന്നറിയപ്പെടുന്നു.
- ജന്മദിനം (സെപ്തംബർ 5) അധ്യാപകദിനം
- ആദ്യ രാജ്യസഭാധ്യക്ഷൻ

25. c. **തെലുങ്ക്**

- ഹരിഹരനും ബുക്കനും സ്ഥാപിച്ചു.
- തുംഗഭദ്രാ നദീതീരത്ത്.
- കൃഷ്ണദേവരായർ പ്രശസ്തനായ ചക്രവർത്തി.
- തലസ്ഥാനം ഹംപി (കർണാടക).

26. a **കാർബൺ, ഹൈഡ്രജൻ**

- പെട്രോളിയം ഉത്പന്നം.
- പ്രഷ്യൻ ശാസ്ത്രജ്ഞനായ Carl Ludwigvon Reichenbach കണ്ടുപിടിച്ചു.

27. b. **തെഹൽക്കാ കേസ്**

- ഏഷ്യയിലെ പ്രമുഖരായ 50 വ്യക്തികളിൽ ഒരാളായി ഏഷ്യാവീക്കും ബിസിനസ് വീക്കും തേജ്പാലിനെ തിരഞ്ഞെടുത്തു.
- The Alchemy of Desire പുതിയ പുസ്തകം.

28. b. **റഗ്മാർക്ക്**

- ബാലവേല ഉപയോഗിക്കാത്ത ഉത്പന്നങ്ങൾക്ക് റഗ്മാർക്ക് അടയാളം കാണും.

29. d. **1.5 വോൾട്ട്**

30. b. **കുറ്റ്യാടി ജലവൈദ്യുതപദ്ധതി**

31. a **ബുദ്ധമതം**

- മധ്യപ്രദേശിലെ Mhow ൽ ജനിച്ചു.
- ഭരണഘടനാ കരട് കമ്മിറ്റി ചെയർമാൻ.

32. b **വില്യം ബെന്റിക് പ്രഭു (1828-1833)**

- പതിനാലാമത്തെ ഗവർണർ ജനറൽ.
- 1829-ൽ നിരോധിച്ചു.

33. d. **ജനുവരി 30, 1948**

- രക്തസാക്ഷി ദിനമായി ആചരിക്കപ്പെടുന്നു.
- രാജ്ഘട്ട് അന്ത്യവിശ്രമ സ്ഥലം.

34. a. **നിക്കോട്ടിൻ**

- $C_{10}H_{14}N_2$ രാസവാക്യം
- പോർച്ചുഗലിൽ നിന്നും പാരീസിലേക്ക് പുകയിലച്ചെടി വിത്തുകൾ അയച്ച Jean Nicot എന്ന വ്യക്തിയിൽ നിന്നാണ് പേര് വന്നത്.

35. c. അഞ്ച്

- തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കൊല്ലം, തൃശ്ശൂർ

36. d. ഹോക്കി

- 'ദി ഹിന്ദു' പത്രത്തിന്റെ പത്രാധിപരായിരുന്ന എസ്. രംഗസ്വാമിയുടെ സ്മരണാർഥം 1951–ൽ ഏർപ്പെടുത്തിയത്.

37. b. കാശ്മീർ

- ജന്മദേശം ഗ്രീസ്, ഇറിഡേസി സസ്യകുലത്തിൽപെട്ടത്.
- ജമ്മുവിലെ കിഷ്ട്വാറിലും കശ്മീരിലെ ശ്രീനഗറിലും കൃഷി ചെയ്യപ്പെടുന്നു.

38. a. 35 വയസ്സ്

- രാഷ്ട്രപതി തിരഞ്ഞെടുപ്പിന്റെ ചുമതല ഇലക്ഷൻ കമ്മീഷനാണ്.

39. b. 1946

- തിരുവിതാംകൂർ ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ ദുർഭരണത്തിനെതിരെ ഒക്ടോബറിൽ നടന്ന സായുധസമരം.
- ആലപ്പുഴ ജില്ല

40. c. സർദാർ വല്ലഭായ് പട്ടേൽ

- 1928–ൽ ഭൂനികുതി വർധനയ്ക്കെതിരെ ഗുജറാത്തിലെ കർഷകർ നടത്തിയ സമരം.
- നേതൃത്വപാടവത്തെ അംഗീകരിച്ച ഗാന്ധിജി സർദാർ പദവി നൽകി.

41. b. തിരുവനന്തപുരം

- 1963 ജൂലായിൽ ശ്രീകാര്യത്ത് ആരംഭിച്ചു. പ്രാദേശിക കേന്ദ്രം ഒറീസയിലെ ഭുവനേശ്വറിൽ.

42. d. ജീവകം സി

- അസ്കോർബിക് ആസിഡ് എന്ന് അറിയപ്പെടുന്നു.

43. b. ദണ്ഡി ഉപ്പുസത്യാഗ്രഹം

- അഹമ്മദാബാദിൽ നിന്നാണ് ഗാന്ധിജി ദണ്ഡിയാത്ര ആരംഭിച്ചത്.
- 25 ദിവസം കൊണ്ട് 388 കിലോമീറ്റർ സഞ്ചരിച്ച് 1930 ഏപ്രിൽ 5 ന് സംഘം ദണ്ഡിയിലെത്തി.
- ഗുജറാത്തിലെ നവ്സാരി ജില്ലയിലാണ് ദണ്ഡി.

44. b. വെടിയുണ്ടയേക്കാൾ ശക്തമാണ് ബാലറ്റ്.

- അമേരിക്കയുടെ പതിനാറാമത്തെ പ്രസിഡന്റ് (റിപ്പബ്ലിക്കൻ പാർട്ടി).
- 1865 ഏപ്രിൽ 15 ന് വെടിയേറ്റു കൊല്ലപ്പെട്ടു.
- 1863 ജനുവരി 1 ന് അടിമ വ്യാപാരം നിരോധിച്ചു. (Emancipation Proclamation)

45. c. ബാലാമണി അമ്മ

- മാതൃത്വത്തിന്റെ കവയിത്രി
- 1978 ൽ പത്മഭൂഷൺ ലഭിച്ചു.
- 1995 ൽ സരസ്വതി പുരസ്കാരം ലഭിച്ചു.
- *നിവേദ്യം, മഴുവിന്റെ കഥ* എന്നിവ പ്രശസ്ത കൃതികൾ.

46. c. 326 ബി.സി.

- മാസിഡോണിയയിലെ ഫിലിപ് രാജാവിന്റെ മകൻ.
- ഗുരു അരിസ്റ്റോട്ടിൽ
- ത്സലം യുദ്ധത്തിൽ പുരുവിനെ തോൽപ്പിച്ചു.
- 323 ബി.സി.യിൽ അന്തരിച്ചു.

47. a. കൊണാർക്ക് - ഒറീസ

- കറുത്ത പഗോഡ എന്നറിയപ്പെടുന്നു.
- അർക്കക്ഷേത്ര എന്നു വിശേഷിപ്പിക്കപ്പെടുന്നു.
- 1278 ൽ ഗംഗ രാജാവായ നരസിംഹ ദേവൻ നിർമ്മിച്ചു.

48. b. അലഹബാദ്

- ഗംഗ, യമുന, സരസ്വതി സംഗമ സ്ഥാനത്തെ ത്രിവേണി എന്നറിയപ്പെടുന്നു.
- പ്രശസ്തമായ മഹാ കുംഭമേള (പന്ത്രണ്ടുവർഷത്തിലൊരിക്കൽ) ഇവിടെ നടക്കുന്നു.

49. a. തെങ്ങ്

50. c. ഡിസ്കവറി ഓഫ് ഇന്ത്യ

- Towards Freedom, Glimpses of World History എന്നിവ പ്രധാന കൃതികൾ.
- അഹമ്മദ്നഗർ കോട്ടയിൽ തടവിൽ കിടക്കുമ്പോൾ എഴുതി (1942–46) (1946–ൽ പ്രസിദ്ധീകരിച്ചു).

51. d. ആമസോൺ

- ഏറ്റവും കൂടുതൽ കൈവഴികളുള്ള നദി, മുഖ്യമായും ബ്രസീലിലാണ്.
- ലോകത്തിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ നദി (നൈൽ ഒന്നാമത്).

52. c. കുശിനഗർ (യു.പി.യിൽ)

- കുശിനഗരം ഗോരഖ്പൂരിനടുത്താണ്.
- ഹിരണ്യവതീ നദിയുടെ തീരത്ത്.

53. b. തഞ്ചാവൂർ

- രാജേന്ദ്ര ചോളന്റെ കാലത്ത് തലസ്ഥാനം ഗംഗൈകൊണ്ട ചോളപുരത്തേക്കു മാറ്റി.

54. c. അഥർവ്വവേദം

- നാലു വേദങ്ങളിലും വെച്ച് പഴക്കമേറിയത് ഋഗ്വേദമാണ്.

- വേദങ്ങളിൽ അവസാനത്തേതാണ് അഥർവം.

55. a. **ആധുനിക ഭാരതത്തിന്റെ നവോത്ഥാന നായകൻ**
   - 1828 ൽ ബ്രഹ്മസമാജം സ്ഥാപിച്ചു
   - ഇംഗ്ലണ്ട് സന്ദർശിച്ച ആദ്യ ഇന്ത്യക്കാരൻ.
   - 1830 ൽ ഇന്ത്യയിലെ ആദ്യത്തെ മിഷനറി സ്കൂൾ സ്ഥാപിച്ചു.

56. d. **അൽബുക്കർക്ക്** (അൽഫോൺസൊ ഡി അൽബുക്കർക്ക്).
   - 1510 ജനുവരിയിൽ കോഴിക്കോട് പിടിച്ചടക്കാനുള്ള ശ്രമത്തിൽ പരാജയപ്പെട്ടു.
   - ഗോവയിലാണ് കല്ലറ.
   - ഇന്ത്യയിലെ ആദ്യ പോർച്ചുഗീസ് ഗവർണറായി മാന്വേൽ രാജാവ് നിയമിച്ചു.

57. b. **ഗേറ്റ്‌വേ ഓഫ് ഇന്ത്യ** (George Willets രൂപകൽപ്പനചെയ്തു).
   - 1924 ൽ പണി പൂർത്തിയായി.

58. c. **പുഷ്പം**

59. d. **ഫിൻലാന്റ്**
   - ഫിന്നിഷ് ഭാഷയിൽ Suomi എന്നറിയപ്പെടുന്ന ഫിൻലാന്റ് സ്വീഡിഷ് പേരാണ്.
   - ഹെൽസിങ്കി തലസ്ഥാനം 1917 വരെ റഷ്യൻ അധീനതയിലായിരുന്നു.
   - സ്കാൻഡിനെവിയൻ രാജ്യം
   - 187, 888 തടാകങ്ങൾ, 179, 584 ദ്വീപുകൾ
   - പാതിരാ സൂര്യന്റെ നാട്

60. b. **ബ്രസീൽ**
   - പെറുവിൽ നടന്ന ഫൈനൽ മത്സരത്തിൽ പെനാൽട്ടി ഷൂട്ടൗട്ടിൽ ബ്രസീൽ അർജന്റീനയെ (4-2) തോൽപ്പിച്ചു.

61. d. **വിജയ്ഘട്ട്**
   - രണ്ടാമത്തെ ഇന്ത്യൻ പ്രധാനമന്ത്രി 'ജയ് ജവാൻ ജയ് കിസാൻ' എന്ന മുദ്രാവാക്യത്തിന്റെ ഉപജ്ഞാതാവ്. താഷ്കന്റിൽ വെച്ച് 1966-ൽ മരിച്ചു.

62. a. **ത്വക്ക്**

63. c. **തിരുവനന്തപുരം - കോഴിക്കോട്**

64. a. **രാജാ തോഡർമാൾ**
   - പഞ്ചാബിൽ നിന്നുള്ള വൈശ്യനായിരുന്ന ടോഡർ
   മാലിന് 1582 ലാണ് അക്ബർ രാജാ പദം നൽകിയത്.

65. b. **ധാതുക്കളും ചെടികളും**
   - ജാതകകഥകളാണ് ചിത്ര പ്രമേയങ്ങൾ.

66. b. **സീസ്മോളജി**

67. d. **ജൂൺ 5**

68. a. **ഗുപ്തസാമ്രാജ്യകാലം**
   ചന്ദ്രഗുപ്ത വിക്രമാദിത്യന്റെ സദസ്യരായ നവരത്നങ്ങളാണ് വരാഹമിഹരൻ, അമരസിംഹൻ, ധന്വന്തരി എന്നിവർ.
   - സ്കന്ദഗുപ്തന്റെ കാലത്താണ് ആര്യഭട്ടൻ.

69. c. ഹരോൾഡ് മാക്മില്ലൻ
70. d. ഓപ്പറേഷൻ ബ്ലൂ സ്റ്റാർ
71. b, d Correct sentence: My friends have decided to congraulate me on my success.
72. c. men are
   Each one of these men is ..... each എന്നത് സിംഗുലർ ആണ്.
73. c. we are
   Told എന്ന Verb, Past tense ആയതിനാൽ we were എന്നാണ് വേണ്ടത്.
74. b. isn't she?
75. a. since
   1990 എന്നത് ഒരു point of time ആയതിനാൽ since ഉപയോഗിക്കുക.
76. b. is
   conductor ഉം Passenger ഉം Singular ആണ്. അതിനാൽ is ഉപയോഗിക്കുക.
77. d. Peruse = ശ്രദ്ധാപൂർവം വായിക്കുക.
78. b. Refuse = നിഷേധിക്കുക
79. c. Waxing = ക്രമേണ കുറയൽ. (Waxing and Waning of moon)
80. c. Exclude
   Include = ഉൾപ്പെടുത്തുക. Exclude = ഒഴിവാക്കുക.
81. c. is
   One singular, Is - singular.
82. a. went
   പോയ സമയം പറഞ്ഞിട്ടുള്ളതിനാൽ Simple Past tense ഉപയോഗിക്കുക.
83. d. is
   Collective nouns take singular verb
84. a. have known
85. a. where
86. d. up
   Give up = ഉപേക്ഷിക്കുക

87. b. occurrence
88. a. will
89. b. had left

- കഴിഞ്ഞുപോയ പരസ്പരം ബന്ധപ്പെട്ട രണ്ടു സംഭവങ്ങൾ വിവരിക്കുന്ന വാക്യത്തിൽ ആദ്യത്തേത് Past tense ഉം രണ്ടാമത്തേത് Past perfect ഉം ആയിരിക്കണം.

90. d. A banana was eaten by me.
91. a. ഒന്നിനൊന്നോടു സാദൃശ്യം
92. a. ഓണം കേരളീയ ജനതയുടെആഗ്രഹാഭിലാഷങ്ങളുടെ പ്രതീകമാണ്.
93. c. മന്ദാക്രാന്താ
94. d. ആ സ്ത്രീയുടെ ധീരനായ പുത്രന് വീരചക്രം ലഭിച്ചു.
95. d. ഭഗീരഥ പ്രയത്നം
96. b. ശൂരനാട്ടു കുഞ്ഞൻപിള്ള
97. c. വിവേകോദയം
98. b. വി.വി. അയ്യപ്പൻ
99. c. ചേട്ടൻ
100. d.